# മലബാർ കുടിയേറ്റജനതയോടൊപ്പം സി.എം.ഐ. സഭയും

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

## ആമുഖം

മലബാർ പ്രദേശത്ത് സി.എം.ഐ. സഭയിലെ അംഗങ്ങൾ പ്രവർത്തിച്ചു തുടങ്ങിയിട്ട് ഒരു നൂറ്റാണ്ടോളം ആയി. കോഴിക്കോട് കേന്ദ്രമാക്കി കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളും തമിഴ്നാടിന്റെ ഊട്ടി വരെയുള്ള നീലഗിരി പ്രദേശങ്ങളും കർണ്ണാടകയുടെ ഗുണ്ടൽപ്പെട്ട്, ചാമരാജ്നഗർ നഞ്ചൻകോട് പെടുന്ന ഭൂപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന സി.എം.ഐ. കോഴിക്കോട് പ്രോവിൻസ് രൂപപ്പെട്ടിട്ട് 50 വർഷം പിന്നിട്ടു.

മലബാറിലെ കുടിയേറ്റജനതയുടെ ചരിത്രവുമായി ഇഴുകിചേർന്നുകിടക്കുന്ന സംഭവപരമ്പരകൾ കൊണ്ടും ബന്ധം കൊണ്ടും ഇഴ ചേർക്കുന്നതും നിറം പിടിപ്പിക്കുന്നതുമായ 100 വർഷത്തെ സി.എം.ഐ. സഭയുടെ ചരിത്രത്തിന്റെ ചുരുളഴിച്ചാലെ മലബാറിലെ കുടിയേറ്റ ചരിത്രവും പൂർണമാകൂ. 1923ൽ കോഴിക്കോട് രൂപത ആരംഭിച്ചതുമുതൽ സി.എം.ഐ. സഭയുടെ മലബാർ ബന്ധത്തിനു തുടക്കമിട്ടു. കുടിയേറ്റത്തിന്റെ തുടക്കവും അതേ കാലഘട്ടം തന്നെയാണ്. കുടിയേറ്റ ജനതയുടെ ഐതിഹാസികമായ ജീവിതത്തിൽ നിഴൽ പോലെ അനുധാവനം ചെയ്യാൻ കഴിഞ്ഞതുകൊണ്ട് മലബാറിന്റെ ചരിത്രത്തിലും പങ്കാളിത്തം ഉണ്ട്. പല വസ്തുതകളേയും വിസ്മൃതിയിലേക്ക് നയിക്കാൻ കാലത്തിനു കഴിയുന്നതുകൊണ്ട് മലബാറിലെ മലബാർ സഭയോടൊത്തുള്ള സി.എം.ഐ. സഭയുടെ ചരിത്രത്തിലേക്കുള്ള എത്തിനോട്ടം കുടിയേറ്റജനതയുടെ ചരിത്രത്തിലെ ചില പ്രത്യേകനിമിഷങ്ങളെ അനുസ്മരിക്കുവാൻ സഹായകമാകും എന്ന പ്രതീക്ഷയോടെയാണ് ആധികാരികമായ ചില അറിവുകൾ മലയാളികളുടെ മുന്നിലവതരിപ്പിക്കുന്നത്.

## കുടിയേറ്റത്തിന്റെ തുടക്കം

ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ ഇൻഡ്യയിൽ നിന്നും വളരെ അകലങ്ങളിലാണ് സംഭവിച്ചതെങ്കിലും അതിൽ നിന്നുണ്ടായ കെടുതികൾ കൊച്ചു കേരളത്തെയും ബാധിച്ചു. ഇത് പട്ടിണിയിലേക്ക് വഴിതെളിച്ചു തുടങ്ങി. തിരുവിതാംകൂർ പ്രദേശത്തെ സംബന്ധിച്ചിടത്തോളം വീടുകളിൽ അംഗസംഖ്യ വർദ്ധിച്ചപ്പോൾ വയറിന്റെ എണ്ണം കൂടി, പറമ്പുകൾ മക്കൾക്കായി വിഭജിക്കപ്പെട്ടപ്പോൾ തുടർന്നുള്ളവർക്ക് വിളഭൂമികൾ വിഭജിക്കാൻ ഇല്ലാതെ വന്നുതുടങ്ങി.

ഉപജീവനത്തിന് പുതിയ മേച്ചിൽപ്പുറങ്ങൾ കണ്ടെത്താതെ വയ്യാ. ആരൊക്കെയോ പറഞ്ഞു മലബാർ പ്രദേശം ഫലഭൂയിഷ്ഠമാണ്. അവിടെ ജന്മിമാർ സ്ഥലമെന്തുചെയ്യണമെന്നറിയാത്തവരാണ്. അവിടെയും ഇവിടെയും ചിലർ ചിന്തിച്ചു മലബാറിനു കടന്നാലൊ. മലബാർ കുടിയേറ്റത്തിന്റെ തുടക്കം ഇവടെയാണ്.

1920കൾ മുതൽ മലബാറിലേക്ക് തിരുവിതാംകൂർ പ്രദേശത്തുനിന്ന് ഒറ്റപ്പെട്ട കുടിയേറ്റം ആരംഭിച്ചു. 1923ൽ മംഗലാപുരം കോയമ്പത്തൂർ രൂപതകൾ വിഭജിക്കപ്പെട്ട് കോഴിക്കോട് ലാറ്റിൻ രൂപതയുണ്ടായി. പ്രഗൽഭരായ ഈശോസഭാമിഷനറിമാരായിരുന്നു ആദ്യമെത്രാന്മാരെല്ലാവരും. നാൾ തോറും ജനങ്ങൾ പ്രത്യേകിച്ചും ക്രൈസ്തവകുടുംബങ്ങൾ മലബാറിന്റെ വിവിധ മലമ്പ്രദേശങ്ങളിൽ താവളമുറപ്പിച്ചു. പ്രധാനമായി കോഴിക്കോടു പ്രദേശത്തും മാഹിപ്രദേശത്തും മുമ്പ് ഉണ്ടായിരുന്ന അംഗങ്ങളേക്കാൾ പതിന്മടങ്ങ് ക്രൈസ്തവരുടെ അംഗസംഖ്യ പെരുകി. കോഴിക്കോടു രൂപതയിലെ വൈദികർ നടത്തിയ സാഹസികമുന്നേറ്റത്തെ മെത്രാന്മാർ അനുകൂലിച്ചപ്പോൾ എല്ലാ പ്രധാന ക്രിസ്ത്യൻ സെന്റേഴ്സിലും പള്ളി വെക്കാനുള്ള സ്ഥലങ്ങളും പലയിടത്തും പുല്ലുമേഞ്ഞതെങ്കിലും പള്ളികളും ഉണ്ടായിത്തുടങ്ങി. കാടുകൾ വെട്ടിത്തെളിച്ച് കൃഷിയിറക്കിതുടങ്ങി; മലമ്പനിയും വസൂരിയും വസന്തയായി മാറി. കൃഷിയിടങ്ങളിൽ കാട്ടുമൃഗങ്ങൾ സംഹാരതാണ്ഡവം നടത്തി. പഞ്ഞം, പട, വസന്ത അവരെ നേരിട്ടു പിടികൂടി. എവിടെയും രോഗികളുടെ ദീനരോദനങ്ങൾ. മരിച്ചവരെ മണ്ണിനടിയിലാക്കാൻ പോലും കഴിയാത്ത വിധം അവശരുടെ എണ്ണം പെരുകി.

## കോഴിക്കോട് രൂപതയുടെ ക്ഷണം

കോഴിക്കോട് രൂപതയിലെ വൈദികർ ഓടിയിട്ട് ഒരിടത്തും എത്തുന്നില്ല. 1923 മുതൽ സി.എം.ഐ. അംഗങ്ങളെ പരിചയപ്പെട്ട കോഴിക്കോടിന്റെ പ്രഥമമെത്രാൻ പോൾ പെരീനി പിതാവ് 1926ൽ അവരോട് ഇന്നത്തെ മേരിക്കുന്നിൽ ആശ്രമം തുടങ്ങാനുള്ള സ്ഥലം തരാമെന്നറിയിച്ച് ക്ഷണിച്ചെങ്കിലും അദ്ദേഹം രോഗിയായി മാറിയതിനാൽ പ്രവർത്തിയിലേക്കെത്തിക്കാൻ കഴിഞ്ഞില്ല. 1934ൽ മോൺസിഞ്ഞോർ റംസാനി പുതിയ നിർദ്ദേശങ്ങളുമായി ജനറാളച്ചനെ സമീപിച്ചു. അങ്ങനെ സി.എം.ഐ. യുടെ ആദ്യസംഘം ബഹു. അത്തനാസിയൂസ

ച്ചന്റെ നേതൃത്വത്തിൽ  ഫറോക്കടുത്തുള്ള ചെറുവണ്ണൂരിൽ  കോഴിക്കോട് രൂപത ഏല്പിച്ചുതന്ന ഒരേക്കർ സ്ഥലത്ത് 1935ൽ സി.എം.ഐ.യുടെ മലബാറിലെ ആദ്യത്തെ ആശ്രമത്തിനു തുടക്കമിട്ടു. ഒരാശ്രമത്തിന്റെ വളർച്ചയ്ക്ക് സാഹചര്യങ്ങൾ അനുകൂലമല്ല എന്നു തിരിച്ചറിഞ്ഞപ്പോൾ കടലുണ്ടിയിൽ സ്ഥലം വാങ്ങി ആശ്രമം 1936ൽ അവിടേക്ക് മാറ്റി. അവിടെ താമസിച്ചുകൊണ്ടാണ് സി.എം.ഐ. അംഗങ്ങൾ കോഴിക്കോട് രൂപതയിലും സീറോ മലബാർ അംഗങ്ങളുടെ ഇടയിലും പ്രവർത്തിച്ചുതുടങ്ങിയത്. എങ്കിലും അത്തനാസിയൂസച്ചൻ ചെറുവണ്ണൂരിൽ തുടങ്ങിയ അനാഥകുട്ടികൾക്കുവേണ്ടിയുള്ള അനാഥാലയവും എൽ. പി. സ്കൂളും വളർത്താൻ 1949 വരെ അദ്ദേഹം അവിടെ തുടർന്നു. അനാഥാലയത്തിൽ 150ഓളം കുട്ടികൾക്ക് താമസിക്കാനുള്ള സൗകര്യം ഉണ്ടാക്കി. സ്കൂളിനെ പടിപടിയായി ഉയർത്തി. അവിടെ ആരംഭിച്ചു. ഇടവകയും സ്ഥാപനങ്ങളും 1950 തോടുകൂടി കോഴിക്കോട് രൂപതയെ ഏല്പിച്ചു.

## കുടിയേറ്റ ജനതയുടെ ഇടയിലേക്ക്

മലബാർ കുടിയേറ്റത്തിന്റെ തിരുവിതാംകൂറിൽ നിന്നുള്ള ഒഴുക്കിന് കാരണക്കാരൻ കാഞ്ഞിരപ്പള്ളി, പാലാ പ്രദേശങ്ങളിലുള്ള പള്ളികൾ തോറും നടന്നു പ്രേരണ നൽകിയ ഗ്രിഗറി നീരാക്കൽ സി.എം.ഐ. അച്ചനാണ്. രണ്ടാം ലോകമഹായുദ്ധത്തിന്റെ വിങ്ങലുകൾ തിരിച്ചറിഞ്ഞ അദ്ദേഹം 1939ൽ തന്നെ കാനാൻദേശമായ മലബാറിലേക്ക് നീങ്ങുവാൻ ജനങ്ങൾക്ക് പ്രേരണ നൽകി.

കോഴിക്കോട് രൂപതയുടെ കീഴിൽ 1935 മുതൽ പ്രവർത്തനം ആരംഭിച്ച സി.എം.ഐ. അംഗങ്ങളുടെ സാന്നിദ്ധ്യം കുടിയേറ്റജനതയ്ക്ക് പുതിയൊരാവേശം പകർന്നു. അതുവരെ കൊങ്ങിണി ഭാഷയും യൂറോപ്യൻ ഭാഷയും മാത്രം അറിയാമായിരുന്ന കോഴിക്കോട് രൂപതയിലെ മിഷനറിമാരിൽനിന്നും വ്യത്യസ്തരായി മലയാളമറിയാവുന്ന വൈദികരെ കിട്ടിയപ്പോൾ ഇടപെടുവാനും കുമ്പസാരിക്കുവാനുമൊക്കെ എളുപ്പമായി. സ്വന്തം പ്രദേശങ്ങളിൽ നിന്നുള്ള വൈദികർ നാട്ടിലെ വിശേഷങ്ങൾ അറിയിക്കുവാനും അവരുടെ ആവശ്യങ്ങളിൽ ഇടപെടുവാനും തുടങ്ങിയപ്പോൾ പുതിയൊരു ശക്തി അവർക്ക് ലഭിച്ചു.

മലമ്പനിയോടും കാട്ടുമൃഗങ്ങളോടും രോഗങ്ങളോടും മല്ലടിച്ച് ഉറ്റവരും ഉടയവരുമായി അനേകർ മരിച്ചിരുന്നു. കൃഷി ചെയ്താൽ കാട്ടുമൃഗങ്ങൾ ഒന്നും ബാക്കി തരില്ല. നിരാശിതരും ദുഃഖിതരും ഉപജീവനത്തിനു വഴിയില്ലാത്തവരുമായി അനേകർ. ഇതിനിടയിൽ നാടൻ മദ്യം ഉണ്ടാക്കുന്നവരും കുടിക്കുന്നവരും കൊടുക്കുന്നവരുമായി. ഭാര്യയോ ഭർത്താവോ മരിച്ചവർ അവിഹിതബന്ധങ്ങളിൽ വീണുതുടങ്ങി. കുടിയേറ്റസമൂഹം പതുക്കെ ജീർണിച്ചു. കോഴിക്കോട് രൂപതാ പിതാക്കന്മാർ സി.എം.ഐ. വൈദികരെ ആദ്യമെ ഏല്പിച്ച പ്രധാന ചുമതല ലത്തീൻ ഇടവകകളിൽ സഹായിക്കുന്നതിനോടൊപ്പം കുടിയേറ്റ ജനങ്ങളെ പല സെന്ററുകളിൽ വിളിച്ചുകൂട്ടി ധ്യാനിപ്പിക്കുക എന്നതായിരുന്നു. ആത്മാവ് ശുദ്ധമാകാതെ ജീവിതം സന്തോഷപൂർണമാകില്ല എന്നവർ തിരിച്ചറിഞ്ഞു. 1943നും 1949നുമിടയിൽ രണ്ടുപ്രാവശ്യം വിവിധ സെന്ററുകളിൽ വെച്ച് ധ്യാനങ്ങൾ നടത്തി. ഇതിന് ക്ഷണിക്കപ്പെട്ടതും നേതൃത്വമെടുത്തതും കടലുണ്ടിയിലുണ്ടായിരുന്ന ബർണർഡിൻ കല്ലുകുളം സി.എം.ഐ. ആണ്. അദ്ദേഹം രണ്ടാം പ്രാവശ്യം ധ്യാനിപ്പിച്ച സ്ഥലങ്ങൾ ഇവയാണ്. 1. കണ്ണൂർ സെന്റ് മൈക്കിൾസ്, 2. തലശ്ശേരി സെന്റ് ജോസഫ്സ്, 3. പടത്തുകടവ്, 4. വടകര, 5. ചെമ്പനോട, 6.കൂരാച്ചുണ്ട്, 7. ഷൊർണൂർ, 8. ഒറ്റപ്പാലം, 9. പെരിന്തൽമണ്ണ, 10. മരിയാപുരം, 11. കോഴിക്കോട് സെന്റ് പാട്രിക്, 12. സെന്റ് ജോസഫ്സ് തരിയോട്, 14. വൈത്തിരി, 15. മാനന്തവാടി, 16. നടവയൽ, 17. ഇരിട്ടി, 18. എടൂർ, 19. കുന്നോത്ത്, 20. പേരാവൂർ, 21. കൂടത്തായ്, 22. കണ്ണോം, 23. കോടഞ്ചേരി, 24. തിരുവമ്പാടി. ഇതിനോടൊപ്പം മലബാറിലെ സുറിയാനിക്കാരുടെ എണ്ണത്തെക്കുറിച്ച് ഒരു കണക്കെടുപ്പും നടന്നു. അംഗങ്ങൾ 50000ത്തോടടുക്കുന്നതായി കണ്ടു. മലബാറിൽ ഒരു സുറിയാനി രൂപത ലഭിക്കുവാൻ ജനങ്ങളെക്കൊണ്ട് റോമിലേക്കെഴുതിച്ചു. ഇതിന്റെ പിന്നിൽ സി.എം.ഐ. അച്ചന്മാരുടെ നിർദ്ദേശങ്ങളും നേതൃത്വവും പിൻബലമായി ഉണ്ടായിരുന്നു. ഈ കാര്യത്തിൽ സി. എം.ഐ. വൈദികരായ ചാൾസച്ചനേയും റോമിയോ തോമസച്ചനേയും പ്ലാസിഡച്ചനേയും പ്രത്യേകം ഓർക്കേണ്ടവരാണ്.

## ഭാരതപ്പുഴക്ക് വടക്ക് സീറോ മലബാർ കുർബാന അർപ്പിച്ച ആദ്യപള്ളി

സീറോ മലബാർ സഭയെ ഭാരതപ്പുഴക്കും പമ്പാനദിക്കുമിടയിൽ ഒതുക്കിനിർത്തിയിരുന്ന ഒരു കാലം. 1949ൽ പരിശുദ്ധ സിംഹാസനത്തിൽ നിന്നും കോഴിക്കോടു മെത്രാൻ പത്രോണി പിതാവിനും സി.എം.ഐ. ജനറാളിനും നിർദ്ദേശങ്ങൾ ലഭിച്ചു. സീറോ മലബാർ കുർബാന ജനങ്ങൾക്ക് ലഭിക്കത്തക്കവിധം പള്ളികളിൽ സി.എം.ഐ. അംഗങ്ങളെ നിശ്ചയിക്കുവാൻ മെത്രാനും, അംഗങ്ങളെ അയച്ചുകൊടുക്കുവാൻ ജനറാളച്ചനും നിർദ്ദേശങ്ങൾ ലഭിച്ചു. വയനാട്ടിലെ തരിയോടാണ് ഇപ്രകാരം 1949 ഏപ്രിൽ മൂന്നിന് ലഭിച്ച ആദ്യപള്ളി. അവി

ടുത്തെ പ്രവർത്തനവിജയം കണ്ട് താമസിയാതെ അവിടെ വികാരിയായി നിശ്ചയിക്കപ്പെട്ട കെറൂബിൻ പൊരിയത്തച്ചനെ മെത്രാൻ ഏകാംഗകമ്മീഷനായി കുടിയേറ്റജനതയുടെ ഇടയിൽ സർവ്വേനടത്തി റിപ്പോർട്ടു കൊടുക്കാനായി ഏല്പിച്ചു. അതിൻപ്രകാരം കുടിയേറ്റക്കാർ തിങ്ങിപാർക്കുന്ന 16 സ്ഥലങ്ങളിൽ വൈദികരെ ഉടനെ ആവശ്യമുണ്ടെന്നും കുടിയേറ്റ ക്രൈസ്തർ 50000ത്തോട് അടുക്കുന്നു എന്നും റിപ്പോർട്ട് കൊടുത്തു. 16 പേരെ അയച്ചുകൊടുക്കുവാൻ സി.എം.ഐ. ജനറാളച്ചനോട് പത്രോണിപിതാവ് ആവശ്യപ്പെട്ടെങ്കിലും കോഴിക്കോട് രൂപതയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അഞ്ചാറ് അംഗങ്ങളെക്കൂടാതെ അഞ്ച് പേരെയെ ഉടനെ തരാൻ ഉണ്ടാകൂ എന്നദ്ദേഹം മറുപടി കൊടുത്തു. പത്രോണി പിതാവ് വിട്ടുതരാനുദ്ദേശിച്ച 16 സ്ഥലങ്ങളിലും സി.എം. ഐ.സഭയെ ഏല്പിക്കാനായിരുന്നു ഉദ്ദേശം.

## സീറോ മലബാർ കുർബാന ആദ്യ 12 പള്ളികളിൽ: സി.എം.ഐ. വൈദികർ ആദ്യവികാരിമാർ

1949 ഓഗസ്റ്റ് 14-ാം തീയതി അഞ്ചു സി.എം.ഐ. അംഗങ്ങൾ പരിശുദ്ധസിംഹാസനത്തിന്റെ അംഗീകാരത്തോടെ തിരുവമ്പാടി അത്തനേഷ്യസച്ചൻ, കൂടരഞ്ഞി ബർണർഡിനച്ചൻ, കോടഞ്ചേരി ഫാബിയൂസച്ചൻ, കൂടത്തായിൽ തകിടിയേൽ റൈമണ്ടച്ചൻ, കണ്ണോത്തു പീറ്ററച്ചൻ എന്നിവർ വികാരിമാരായി ചാർജെടുത്തു. അതിന്റെ പിന്നാലെ 1950ൽ സുൽത്താൻ ബത്തേരിയിൽ സർഗീസച്ചനും 1951ൽ മരുതോങ്കര എപ്പിഫാനൂസച്ചനും നടവയലിൽ ബർക്കുമാൻസച്ചനും വികാരിമാരായി നിശ്ചയിക്കപ്പെട്ടു. കൂടാതെ 1951 പുല്ലൂരാംപാറയിലും 1953ൽ വേനപ്പാറയിലും അത്തനാസിയൂസച്ചനും കെറുബിനച്ചനും കുർബാന ചൊല്ലിത്തുടങ്ങി. ഇന്നത്തെ കല്ലുരുട്ടിപള്ളിയുടെ മുൻഗാമിയായി നിലീശ്വരത്തും ചെറിയസ്കൂൾ കെട്ടിടത്തിൽ 1949ൽ അത്തനാസിയൂസച്ചൻ കുർബാന ആരംഭിച്ചിരുന്നു. ഇപ്രകാരം തലശ്ശേരി രൂപത 1953 ഡിസംബർ 31ന് ഉണ്ടാകുന്നതിനുമുമ്പ്, 12 സ്ഥലങ്ങളിൽ സി.എം.ഐ. അംഗങ്ങളുടെ നേതൃത്വത്തിൽ സീറോ മലബാർ കുർബാന ആരംഭിച്ചിരുന്നു. ഈ കാര്യത്തിൽ ആൾദോ മരിയപത്രോണി പിതാവ് എടുത്ത തീരുമാനങ്ങളും നടപടികളും എത്ര അഭിനന്ദിച്ചാലും മതിയാകയില്ല. ഇവിടെ മിഷനറിമാരായി പ്രവർത്തിക്കുന്ന സി.എം.ഐ. മിഷനറിമാരുടെ ചിലവുകൾ അതാതു സ്ഥലങ്ങളിലുള്ള ജനങ്ങൾ വഹിക്കണമെന്നായിരുന്നു പത്രോണി പിതാവിന്റെനിർദ്ദേശം. എങ്കിലും ആവശ്യം വന്നാൽ പൗരസ്ത്യതിരുസംഘത്തിൽ നിന്നു സഹായിച്ചു കൊള്ളാമെന്നു 1949 ജൂൺ 15-ാം തിയതി അപ്പസ്തോലിക് ഇന്റർ നൂൺഷ്യോ പ്രിയോർ ജനറാളച്ചനെ അറിയിച്ചിരുന്നു.

## തലശ്ശേരി രൂപതയുടെ ആവിർഭാവവും തുടർന്നും

1953 ഡിസംബർ 31ന് തലശ്ശേരി രൂപത തുടങ്ങിയ ഉടനെ രൂപതയിൽ വൈദികരുടെ സംഖ്യ വർദ്ധിക്കില്ലല്ലൊ. വള്ളോപ്പിള്ളി പിതാവ് പല രൂപതകളിൽ നിന്നും വൈദികരെ ക്ഷണിച്ചെങ്കിലും ആരെയും തന്നെ കിട്ടിയില്ല. സി.എം.ഐ. അംഗങ്ങൾ തന്നെയായിരുന്നു വീണ്ടും അവലംബം. കോഴിക്കോട് രൂപത തലശ്ശേരി രൂപതക്ക് കൈമാറിക്കൊടുത്ത മുപ്പത്തിനാലോളം പള്ളികളിൽ 20 സ്ഥലങ്ങളിൽ സി.എം.ഐ. വൈദികരായിരുന്നു ആദ്യ വികാരിമാർ. നെന്മേനി, പന്തല്ലൂർ, മണിമൂളി, പടത്തുകടവ്, കല്ലോടി, കെല്ലൂർ, തോരായി, തെനേരി എന്നീ പള്ളികളും കൂടി ഈ കണക്കിൽപെടും. പേരാവൂർ തൊണ്ടിപള്ളിയിലെ രണ്ടാമത്തെ സീറോ മലബാർ വികാരി ദൊസിത്തേവൂസ് സി.എം.ഐ. ആണ്. 1959 മുതൽ 5 വർഷം അദ്ദേഹം അവിടെ തുടർന്നു. വയനാട്ടിൽ മുള്ളൻകൊല്ലിയിലും ചുണ്ടക്കരയിലും സി.എം.ഐ. വൈദികർ വികാരിമാരായി ഉണ്ടായിരുന്നു. മുകളിൽ സൂചിപ്പിച്ച പള്ളികളിൽ പലയിടങ്ങളിലും ധാരാളം കുരിശുപള്ളികളും ഉണ്ടാകുവാൻ ഇടവന്നു. സ്കൂളുകൾ പോലുള്ളത് വേറെയും.

## കുടിയേറ്റക്കാരുടെ ഇടയിൽ മൂന്നു പ്രോവിൻസുകൾ

1953ൽ സി.എം.ഐ. സഭ മൂന്നു പ്രോവിൻസുകളായി വിഭജിക്കപ്പെട്ടു. അതിനുശേഷം മലബാർ, തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ പ്രവർത്തിച്ചിരുന്നത് ഓരോ പ്രോവിൻസിന്റെ കീഴിലുള്ള റീജിയനുകളായിട്ടാണ്. തുടർന്ന് നിർദ്ദിഷ്ഠ കുടിയേറ്റമേഖലകളിൽ റീജിയനുകൾ പ്രോവിൻസുകളായി ഉയർത്തപ്പെട്ട കോഴിക്കോട്, കോയമ്പത്തൂർ, മൈസൂർ പ്രോവിൻസുകളായി. ഇപ്പോൾ 75-ഓളം സ്ഥാപനങ്ങൾ വിവിധ അപ്പസ്തോലപ്രവർത്തനങ്ങൾ ഉള്ള കേന്ദ്രങ്ങളാണ്. ഈ സ്ഥാപനങ്ങളിലൂടെ ഇടവകകൾ, സ്കൂളുകൾ, കോളേജുകൾ ആതുരശുശ്രൂഷാകേന്ദ്രങ്ങൾ ഭിന്നശേഷിയുള്ളവർക്കുള്ള സ്കൂളുകൾ, വിവിധ സാമൂഹ്യപ്രവർത്തനകേന്ദ്രങ്ങൾ, കൾച്ചറൽ സെന്ററുകൾ ഭക്തസാധനകേന്ദ്രങ്ങൾ മുതലായ കുടിയേറ്റജനതക്കും ജാതിമതവ്യത്യാസമില്ലാതെ നാട്ടിലെ സകല മനുഷ്യർക്കും നന്മചെയ്യാനുള്ള വിവിധ സങ്കേതങ്ങളായി ഇവയെല്ലാം നിലനില്ക്കുന്നു.

കോഴിക്കോട്, മൈസൂർ കോയമ്പത്തൂർ പ്രോവിൻസുകളുടെ അതിർത്തിക്കുള്ളിൽ ഇടവകകളെ നയിക്കുന്നതിനായി അഭിവന്ദ്യ മെത്രാന്മാരിൽ നിന്ന് വികാരിസ്ഥാനം ലഭിച്ച 240 ഓളം സി.എം.ഐ. വൈദികർ 2022 വരെയുള്ള കാലങ്ങളിൽ സഭാസ്ഥാപനങ്ങളോടു ചേർന്നുള്ള ഇടവകകളിലും തലശ്ശേരി മാനന്തവാടി, താമരശ്ശേരി, ബൽത്തങ്ങാടി, ഭദ്രാവതി, മാണ്ഡ്യ, പാലക്കാട്, രാമനാഥപുരം രൂപതകളിലെ പള്ളികളിലും വികാരിമാരായി പ്രവർത്തിച്ചിട്ടുണ്ട്. ഇപ്രകാരം  സീറോ മലബാർ സഭയുടെ അവിഭാജ്യഘടകമായി അതിന്റെ 30 രൂപതകളിലും സഭാംഗങ്ങളുടെ സാന്നിദ്ധ്യം  കൊണ്ടുള്ള ശുശ്രൂഷകൾ നൽകാൻ കഴിയുന്നു എന്നതും അഭിമാനകരമാണ്.

## കോഴിക്കോട് പ്രോവിൻസിൽ ഉള്ള ആശ്രമഇടവകകൾ

1955-ൽ തലശ്ശേരി രൂപതയുടെ മെത്രാനായി മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ അഭിഷേകം ചെയ്യപ്പെട്ടതിനുശേഷം കോട്ടയം പ്രോവിൻസിന്റെ കീഴിലുണ്ടായിരുന്ന അമലാപുരി റീജിയനൽ ഹൗസിന്റെ ചാപ്പൽ കോഴിക്കോട് പ്രദേശത്തിനുവേണ്ടി ഇടവകപള്ളിയും കൂടി ആയി നടത്തി സഹായിക്കണമെന്നാവശ്യപ്പെട്ടപ്പോൾ 1957 ജനവരി ഒന്നുമുതൽ ഇടവകയായി പ്രഖ്യാപിക്കപ്പെട്ടു. 1969-ൽ വൈസ്പ്രൊവിൻഷ്യലായി വന്ന ജയിംസ് പള്ളിവാതുക്കലച്ചന്റെയടുത്ത് അന്ന് ആശ്രമങ്ങൾ ഉണ്ടായിരുന്ന എല്ലാ സ്ഥലങ്ങളിൽ നിന്നും ജനങ്ങൾ അപേക്ഷകളുമായി വന്നു. ആശ്രമപള്ളികളിൽ ഇടവകക്കാവശ്യമായ സഹായം ചെയ്തുകൊടുക്കണമെന്ന് അഭ്യർത്ഥിച്ചു. ജനങ്ങളുടെ ആത്മീയാവശ്യം മനസ്സിലാക്കിയ അദ്ദേഹം ദേവഗിരി, മേരിക്കുന്ന്, കൂടത്തായ്, ലക്കിടി, തളിപ്പറമ്പ്, തലപ്പുഴ, അടക്കാത്തോടടുത്തുള്ള ശാന്തിഗിരി, കണ്ണൂർ, എടപ്പുഴ, ചപ്പാരപ്പടവ്, ഗൂഡല്ലൂർ, ബെക്കി എന്നീ ആശ്രമപള്ളികളെ ഇടവകകളായി ഉയർത്തിയാൽ ജനങ്ങളുടെ ആത്മീയകാര്യങ്ങൾ നടത്തികൊടുത്തുകൊള്ളാമെന്ന് തലശ്ശേരി മെത്രാനെ അറിയിച്ചു. ദേവഗിരി, മേരിക്കുന്ന്, ലക്കിടി, തളിപ്പറമ്പ്, എടപ്പുഴ എന്നിവിടങ്ങളിൽ 1971-ൽ തന്നെ ഇടവകകൾ അനുവദിക്കുകയും ബാക്കിസ്ഥലങ്ങളിൽ പിന്നാലെയും അനുവദിച്ചു. ഇപ്രകാരം കുടിയേറ്റജനതയുടെ ആത്മീയവും ഭൗതികവുമായ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ഇടവകപ്രവർത്തനങ്ങളും ഇതരഅപ്പസ്തോലികപ്രവർത്തനങ്ങളുമായി അന്നും ഇന്നും സി.എം.ഐ. സഭ കുടിയേറ്റക്കാരോടൊപ്പമുണ്ട്. ചില ഇടവകകൾ പിന്നീട് നിർത്തലാക്കപ്പെട്ടിട്ടുണ്ട്.

## സന്യാസിനികൾ ആദ്യം എത്തിയത് സി.എം.ഐ. വൈദികരോടൊപ്പം

കുടിയേറ്റജനതയോടൊന്നിച്ചുള്ള സി.എം.ഐ. പ്രയാണത്തിൽ ബഹു. സിസ്റ്റേഴ്സിനെയും മലബാറിലേക്ക് കൊണ്ടുവരാൻ ആദ്യമായി നേതൃത്വമെടുത്തതും സി.എം.ഐ. അച്ചന്മാർ തന്നെയാണ്. വസൂരിയും മലമ്പനിയും നാട്ടിൽ നിന്നകന്നു തുടങ്ങി. കാടു നാടായി തുടങ്ങി. തലശ്ശേരി കേന്ദ്രമായി രൂപതാപ്രവർത്തനങ്ങൾ തുടങ്ങി. കോഴിക്കോട് രൂപത ഔദാര്യപൂർവ്വം പല കുടിയേറ്റകേന്ദ്രങ്ങളിലെയും സ്ഥാപനങ്ങളൊ പള്ളികളോ രൂപതക്കായി ഏല്പിച്ചു. പ്രത്യേകിച്ചും മരിയാപുരത്തെ പള്ളിയും സ്കൂളും പെട്ടെന്ന് ഏറ്റെടുക്കേണ്ടി വന്നപ്പോൾ സബീനൂസ് സി.എം.ഐ. വികാരിയായി ചാർജെടുത്തു. വിട്ടുതന്ന സ്കൂളിൽ പഠിപ്പിച്ചിരുന്ന ലാറ്റിൻ സിസ്റ്റേഴ്സും മുന്നറിയിപ്പുകൂടാതെ വിട്ടുപോയപ്പോൾ പകരം സിസ്റ്റേഴ്സിനെകണ്ടെത്തുക അത്യാവശ്യമായി വന്നു. അങ്ങനെയാണ് വള്ളോപ്പള്ളി പിതാവിന്റെ നിർദ്ദേശപ്രകാരം സബിനൂസച്ചനാണ് പാലായിൽ നിന്ന് എസ്. എച്ച്. സിസ്റ്റേഴ്സിനെ 1955ൽ മരിയാപുരത്തേക്ക് കൂട്ടികൊണ്ടുവരുന്നത്. തുടർന്നങ്ങോട്ട് 1956 ജൂൺ 6ന് സി.എം.സി. സഭാംഗങ്ങളെ ബർണർഡിൻ അച്ചൻ കൂടരഞ്ഞിയിലേക്കും ജൂലായ് 10ന് തിരുവമ്പാടിയിലേക്ക് അത്തനാസിയൂസച്ചനും ജൂലായ് 27ന് നടവയലിലേക്ക് റ്റിഷ്യാനച്ചനും സ്വീകരിച്ചു. ജൂൺ 13ന് കോടഞ്ചേരിയിലും വേനപ്പാറയിലും ദൊസിത്തേവൂസ്, അന്റോണീനൂസ് അച്ചന്മാരുടെ അടുത്തേയ്ക്ക് ക്ലാരിസ്റ്റു സിസ്റ്റേഴ്സിനെയും സ്വീകരിച്ചു. അവർക്കാവശ്യമായ സൗകര്യങ്ങൾ അച്ചന്മാർ ഒരുക്കിയിരുന്നു. മലബാറിലെ കുടിയേറ്റ ജനതയുടെ ഇടയിലേക്കുള്ള സിസ്റ്റേഴ്സിന്റെ കുടിയേറ്റത്തിനും സി.എം.ഐ. അച്ചന്മാർ നേതൃത്വവും തുണയും നൽകി എന്നതും ചരിത്രത്തിന് മായിച്ചുകളയാൻ പറ്റാത്ത വസ്തുതളാണ്. തുടർന്നും പുതിയ പല പള്ളികളിലും സ്ഥാപനങ്ങളിലും അവരുടെ സേവനം ഉറപ്പു വരുത്തിയിട്ടുണ്ട്.

## അനേകരിൽ നിന്ന് ഒരാളെക്കുറിച്ച്

1953 മുതൽ മലബാറിൽ കൂടത്തായി പ്രദേശത്ത് തന്റെ പ്രേഷിതപ്രവർത്തനം ആരംഭിച്ച് 2004-ൽ, 51 വർഷങ്ങൾക്കുശേഷം അവിടെത്തന്നെ ജീവിതം മണ്ണിലേക്കർപ്പിച്ച ബഹു. അന്റോണീനുസ് കണിയാംകുന്നേൽ അച്ചന്റെ ജീവിതം മറ്റനേകം സി.എം.ഐ. വൈദികരുടെ മലബാർ പ്രേഷിതത്വത്തിന്റെ ചെറിയൊരു പതിപ്പായി

വേണം കാണുവാൻ. ആത്മീയ കാര്യങ്ങൾക്കാവശ്യമായ പള്ളികൾ, വിജ്ഞാനത്തിനാവശ്യമായ സ്കൂളുകൾ, ആരോഗ്യസംരക്ഷണത്തിനാവശ്യമായ ചികിത്സാവിധികൾ, അനാഥത്വത്തെ ഒഴിവാക്കാനുള്ള അഗതിമന്ദിരങ്ങൾ, യാത്രക്കാവശ്യമായ റോഡുകൾ, വെളിച്ചത്തിനാവശ്യമായ വൈദ്യുതി, താമസിത്തിനാവശ്യമായ ഭൂമിയും വീടുകളും, മാനസ്സികോല്ലാസത്തിനാവശ്യമായ കാലാവതരണം എന്നിങ്ങനെ സമൂഹത്തിന്റെ വിവിധങ്ങളായതും സമഗ്രവുമായ വളർച്ചക്കാവശ്യമായതൊക്കെ കണ്ടെത്തി പങ്കുവെക്കുവാനുള്ള ആത്മാഭിവാഞ്ചയുടെ തുടിപ്പുകളായിരുന്നു അന്റോണീനൂസച്ചൻ എന്ന 'വിഷക്കല്ലച്ചൻ'. അദ്ദേഹത്തേക്കുറിച്ച് രണ്ടു വരികളെങ്കിലും എഴുതിചേർത്തില്ലെങ്കിൽ ഈ ചെറുലേഖനം അപൂർണമാകും.

ആറടിയുള്ള അതികായനായ അന്റോണീനൂസച്ചൻ തന്റെ സന്യാസവസ്ത്രമായ കാപ്പിപ്പൊടിവേഷത്തിനുള്ളിൽ തന്റെ ജനസേവനപരമായ സിദ്ധികളെല്ലാം ഒളിച്ചുവെച്ചിരുന്നു. അവസരത്തിനൊത്ത് അവ ഓരോന്നും പുറത്തെടുത്തു. വേനപ്പാറ, കൂടത്തായ്, ചപ്പാരപ്പടവ്, മേരിക്കുന്ന്, എന്നീ നാലു സ്ഥലങ്ങൾ കൊണ്ട് തന്റെ 51 വർഷത്തെ മലബാറിലെ ഓട്ടം പൂർത്തിയാക്കി. വേനപ്പാറയുടെയും കൂടത്തായിയുടെയും ആധുനികശില്പി എന്നദ്ദേഹത്തെ വിശേഷിപ്പിക്കാം. തിരക്കേറിയ ഓട്ടത്തിനിടയിൽ കിട്ടിയ ചോറും കപ്പ പുഴുങ്ങിയതും മുളകുചമ്മന്തിയുമായി ആരോഗ്യത്തെ പിടിച്ചുനിർത്തി. സ്വയം മറന്നുള്ള ഓട്ടത്തിൽ ഉണ്ടായതാണ് വേനപ്പാറ, കൂടത്തായി, ഈരൂട് പള്ളികളും സ്കൂളുകളും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള അനാഥാലയങ്ങളും മഠങ്ങളും. ഇവിടേക്കുള്ള യാത്രാസൗകര്യങ്ങൾക്കായി പൊതുപണിയിലൂടെ ഉണ്ടാക്കിയതാണ്. നാനാവശത്തേക്കും നീളുന്ന വേനപ്പാറ-ഓമശ്ശേരി, വേനപ്പാറ-കൂടത്തായ് ആശ്രമം, വേനപ്പാറ-നീലേശ്വരം, ചുണ്ടക്കുന്ന്-മൈക്കാവ്, മൈക്കാവ്-ഈറൂട് തുടങ്ങിയ റോഡുകൾ. കൂടത്തായിലാരംഭിച്ച പാൽ സൊസൈറ്റിയും വേനപ്പാറ തുടങ്ങിയ കോ-ഓപ്പറേറ്റിവ് ബാങ്കും പോസ്റ്റ് ഓഫീസും ജനരക്ഷാമാർഗങ്ങളായിരുന്നു.

കാടിനെ നാടായി മാറ്റിത്തുടങ്ങിയപ്പോൾ കാട്ടിലെ ക്ഷുദ്രജീവികളുടെയും പാമ്പുകളുടെയും ഒളിസങ്കേതങ്ങൾ ഇല്ലാതായി. അവർ വിഷം ചീറ്റിത്തുടങ്ങിയപ്പോൾ ആളുകൾ വിഷമേറ്റുതുടങ്ങി, മരണങ്ങൾക്കു കാരണമായി. അന്റോണീനൂസച്ചൻ സിലോണിലുള്ള ഹോളണ്ടു മിഷനറിമാരിൽനിന്ന് പഠിച്ചെടുത്ത വിദ്യയാണ് വിഷക്കല്ല്. വേനപ്പാറപള്ളി കുന്നിന്റെ മണ്ടയിൽ ഉടനെ വിഷചികിത്സാലയവും ഐസൊലേഷൻ വാർഡും ചെറുതോതിലുണ്ടായി ആയിരങ്ങളെ പാമ്പുവിഷത്തിൽ നിന്നു രക്ഷിച്ച ഈ സങ്കേതമായിരിക്കണം ഈ നാട്ടിലെ ആദ്യത്തെ ആശുപത്രിയും, പ്രധാനഡോക്ടർ അന്റോണീനസച്ചനും.

വസൂരിയും മലമ്പനിയും കാട്ടുമൃഗങ്ങളും വിഷപ്പാമ്പുകളും കൂടിയപ്പോൾ അനേകം പേർ മരിക്കാനിടവന്നു. അതിന്റെ ബാക്കിപത്രമായിരുന്നു അനാഥരായിതീർന്ന അനേകം മക്കൾ. ഈ മക്കൾക്ക് സംരക്ഷണവലയം തീർന്നതാണ് വേനപ്പാറപള്ളി കോമ്പൗണ്ടിൽതീർന്ന രണ്ടനാഥാലയങ്ങൾ. ഇവർക്കാവശ്യമായ ഭക്ഷണവും പഠനവും ചികിത്സയും ഒരുക്കുക കൂടുതൽ ത്യാഗപൂർണമായിരുന്നു. അവരുടെ മാനസ്സികോല്ലാസത്തിനും ഐക്യബോധം വളർത്തുന്നതിനും നടപ്പിലാക്കിയ പദ്ധതിയായിരുന്നു ബാന്റ്സെറ്റ്. വിദഗ്ദ്ധരെ വിളിച്ച് പരിശീലിപ്പിച്ചു. പിന്നീട് അവർതന്നെ ആശാന്മാരായി. മലബാറിലെ മിക്കവാറും പള്ളിപെരുന്നാളുകൾക്കും വേനപ്പാറ ബാന്റ്സെറ്റ് നോട്ടീസിൽ ചേർക്കുന്ന പരിപാടിയായിരുന്നു. ഇതവർക്കൊരു ചെറിയ വരുമാനമാർഗ്ഗവും. മറ്റുകലാപരിപാടികളൊന്നും ഇല്ലാതിരുന്ന ആ കാലത്ത് കുട്ടികളുടെ ബാന്റ് മേള ആകർഷകമായിരുന്നു.

ഈ കുട്ടികളൊക്കെ വളർന്നു വരുമ്പോൾ കുടുംബമായി സെറ്റു ചെയ്യാനായിരുന്നു ചപ്പാരപ്പടവിലെ തിരുവെട്ടൂർ 400 ഏക്കറോളം തരിശുഭൂമി ആദായവിലക്ക് അദ്ദേഹം ഏറ്റെടുത്തത്. അവിടെ കുറെ കുടുംബങ്ങളെ അതിവസിപ്പിച്ചു. നിരവധി കാര്യങ്ങളിൽ ശ്രദ്ധിച്ച് നടത്തിക്കൊണ്ടുപോയപ്പോൾ സ്വഭാവത്താലെ ഒരാളെ വിശ്വസിച്ചാൽ പൂർണമായും വിശ്വസിക്കുന്ന സ്വഭാവം അന്റോണീനൂസച്ചനുണ്ടായിരുന്നതിനാലും അദ്ദേഹത്തെ പലരും കബളിപ്പിച്ച് സ്ഥലവും പണവുമടക്കം തട്ടിയെടുത്തിട്ടുണ്ടെന്നുള്ളതും സംഭവിച്ച കാര്യങ്ങളാണ്. അനാർഭാടത്തിന്റെയും ലാളിത്യത്തിന്റെയും ജീവിതം നയിച്ചിരുന്ന അദ്ദേഹം കുടിയേറ്റജനതയുടെ ഇടയിലെ മോസസ് ആയിരുന്നു. 'വിഷക്കല്ലച്ചൻ' എന്നറിയപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ ജീവകാരുണ്യപരമായ ജീവിതം അവസാനനാളുകൾ വരെ തുടർന്നു. വിശ്രമജീവിതത്തിനായി മേരിക്കുന്ന് ആശ്രമത്തിലെത്തിയ അദ്ദേഹം 90-ാം വയസ്സിലും അവിടെയും വിഷചികിത്സയും ഹോമിയോചികിത്സയും തുടർന്നിരുന്നു. നന്മ ചെയ്തുകൊണ്ടേയിരിക്കണം എന്നാഗ്രഹിച്ച അദ്ദേഹം മരിക്കാനിഷ്ടപ്പെട്ടിരുന്നില്ല.

ഇതുപോലുള്ള കഥകളാണ് കുടിയേറ്റ ജനതയോട് ചേർന്ന് ആരംഭകാലത്ത് പ്രവർത്തിച്ചിരുന്ന ഓരോ സി.എം.ഐ. വൈദികരെക്കുറിച്ചും പറയാനുള്ളത്. നാടും വീടും വിട്ട് മലബാറിലെത്തിയ ഇല്ലായ്മകളിലൂടെയും വല്ലായ്മകളുടെയും നടുവിലൂടെ കടന്നുപോയ ജനങ്ങൾക്ക് താങ്ങും തണലുമാകാൻ അവർ നടത്തിയ ശ്രമം ഐതിഹാസികവും ഒരു നാടിന്റെ സർവതോന്മുഖമായ വികസനത്തിന്റെ ഉണർത്തുപാട്ടുമായിരുന്നു.

* * *